Major Archeparchy of Ernakulam-Angamaly
Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906, 2363664 • Fax: 0484-2355010
E-mail: curiaekm@hotmail.com • Web: www.ernakulamarchdiocese.org

11/04/2020

**മിശിഹായിൽ പ്രിയ വൈദികരേ,**

കൊവിഡ് - 19 പ്രതിരോധിക്കുന്നതിനായി ഏർപ്പെടുത്തിയ ലോക്ഡൗൺ നമ്മുടെ നാട്ടിൽ ഒട്ടേറെ ബുദ്ധിമുട്ടുകൾക്ക് കാരണമായിട്ടുണ്ട്. സാമ്പത്തികമായി വിഷമിക്കുന്ന കുടും ബങ്ങൾക്ക് ഇടവകകളുടെ സഹകരണത്തോടെ അതിരൂപതാ സാമൂഹ്യപ്രവർത്തന വിഭാഗമായ സഹൃദയയുടെ 'കാരുണ്യത്തിന്റെ കലവറ' എന്ന പദ്ധതിയിലൂടെ കഴിയാവുന്നത്ര ഭക്ഷണ സാധനങ്ങൾ നാം എത്തിച്ചു കൊണ്ടിരിക്കുകയാണ്.

അടിയന്തിരമായി നാം ശ്രദ്ധിക്കേണ്ട മറ്റൊരു മേഖല, ജീവൻരക്ഷാ മരുന്നുകൾ ആവ ശ്യമുള്ളവരുടെ കാര്യമാണ്. ജീവൻ നിലനിർത്താൻ ഭക്ഷണത്തോടൊപ്പം ദിനംപ്രതി മരുന്നുകൾ അത്യാവശ്യമായിട്ടുള്ള കുറെപ്പേരെങ്കിലും നമുക്ക് ചുറ്റുപാടുമുണ്ട്. അവരെ കണ്ടെത്തി സഹായിക്കുവാനുള്ള 'സഹൃദയ ജീവദാൻ' എന്ന പദ്ധതിക്ക് നമ്മൾ രൂപം നല്കുകയാണ്. ഓരോ ഇടവക പരിധിയിലുമുള്ള നാനാജാതി മതസ്ഥരായ പാവപ്പെട്ട രോഗികളെ തെരഞ്ഞെ ടുത്ത്, ബഹു. വികാരിയച്ചന്റെ മേൽനോട്ടത്തിലുള്ള ക്രമീകരണം വഴി, ഒരു മാസത്തേക്കുള്ള മരുന്ന് എത്തിച്ചു നല്കുന്നതാണ് ഈ പദ്ധതി. സാമ്പത്തികമായി ബുദ്ധിമുട്ടുന്ന ഇടവകകൾ മരുന്നിന്റെ ചിലവു വിവരങ്ങൾ സഹൃദയയിലേക്ക് അറിയിച്ചാൽ അവരുടെ അക്കൗണ്ടിലേക്ക് ആവശ്യമായ തുക നൽകുന്നതായിരിക്കും.

ഏറെ ചിലവു പ്രതീക്ഷിക്കുന്ന ഈ പദ്ധതി നടപ്പിലാക്കാൻ അച്ചന്റെ ഇടവകയിൽ/ സ്ഥാപനത്തിൽ നിന്നും കഴിയാവുന്ന സഹായം സഹൃദയയ്ക്ക് നല്കണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു. ഈ പദ്ധതിയിലേക്ക് സംഭാവന ചെയ്യുവാൻ സുമനസ്സുകളെ പ്രേരിപ്പിക്കു ന്നത് ഉചിതമായിരിക്കും.

സ്നേഹത്തോടെ,

+ A Kariyil

**ആർച്ചുബിഷപ്പ് ആന്റണി കരിയിൽ**
മെത്രാപ്പോലീത്തൻ വികാരി
എറണാകുളം-അങ്കമാലി അതിരൂപത

MAJOR ARCHEPARCHIAL CURIA • ERNAKULAM-ANGAMALY •

NB. സഹൃദയയുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ

Ac Name: Welfare Services Ernakulam
Ac No: 028800700022190001
Name of Bank: CSB Bank
Branch: Ponnurunni
IFSC: CSBK0000288